1-4-1970-ന് മുമ്പുള്ള രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ ചീഫ് രജിസ്ട്രാറുടെ അനുവാദത്തോടെയും 1-4-1970-ന് ശേഷമുള്ള രജിസ്ട്രേഷനുകളിൽ ജനനത്തീയതി, സെക്സ് എന്നിവയിലൊഴികെ പേര്, മേൽവിലാസം എന്നിവയിലുള്ള തിരുത്തലുകൾ രജിസ്ട്രാർക്ക് നേരിട്ടും അപേക്ഷ പ്രകാരം തിരുത്തി നൽകാവുന്നതാണ്. 1-4-1970-ന് മുമ്പുള്ള ജനനരജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്തുന്നതിനായി അപേക്ഷയും, രേഖകളും ലോക്കൽ രജിസ്ട്രാർ മുഖാന്തിരം ചീഫ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജനന രജിസ്ട്രേഷൻ സംബന്ധിച്ച് നിലവിലുള്ള സംവിധാനം അനുസരിച്ച് 1-4-1970-ന് ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള ജനന രജിസ്ട്രേഷനുകളിൽ ജനനത്തീയതി, സെക്സ് എന്നിവയിലൊഴികെ പേര്, മേൽവിലാസം എന്നിവയിൽ കടന്നുകൂടുന്ന പിശകുകൾ തിരുത്തി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനന മരണ രജിസ്ട്രാർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് തിരുത്തലുകൾ വരുത്തുന്നതിനായി മാതാപിതാക്കളുടെ സംയുക്താപേക്ഷയും യഥാർത്ഥ വിവരം തെളിയിക്കുന്നതിനാവശ്യമായ ആധികാരിക രേഖകളും ലോക്കൽ രജിസ്ട്രാർക്ക് ഹാജരാക്കി പിശകുകൾ പരിഹരിക്കപ്പെടാവുന്നതാണ്.

(ഡി) ജനന സർട്ടിഫിക്കറ്റുകൾ പിശകുകൾ കൂടാതെ വിതരണം ചെയ്യുന്നതിനുള്ള മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് ലോക്കൽ രജിസ്ട്രാർക്ക് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

പോലീസ് വകുപ്പിലെ സംഘടനാ സ്വാതന്ത്ര്യം

* 10 [861] ശ്രീ. വി. ചെന്താമരാക്ഷൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, രാജു എബ്രാഹാം:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പോലീസ് വകുപ്പിലെ സംഘടനാ സ്വാതന്ത്ര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പോലീസുകാരുടേയും പോലീസ് ഓഫീസർമാരുടേയും അസോസിയേഷനുകളുടെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് അവർക്ക് നൽകിയിരുന്ന അവകാശത്തിൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഇടപെടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) സംഘടനാ പ്രവർത്തനങ്ങൾക്കായി പോലീസ് ഡിപ്പാർട്ട്മെന്റിൽ ജീവനക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ചെയ്ത് കൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പോലീസ് വകുപ്പിൽ നിലവിലുള്ള സംഘടനാ സ്വാതന്ത്ര്യത്തിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) അസോസിയേഷൻ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഇടപെടുന്നതായുള്ള പരാതികൾ ഉണ്ടായിട്ടില്ല.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പോലീസ് സേനയിലെ അച്ചടക്ക സ്വഭാവത്തെ ഒരു തരത്തിലും ബാധിക്കാത്ത രീതിയിലുള്ളതും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസം വരാത്ത രീതിയിലുള്ളതും നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്ന തരത്തിലുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. സംഘടനകളുടെ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ചില സ്ഥലങ്ങളിൽ സ്ഥല സൗകര്യവും സംഘടനാ യോഗങ്ങളിൽ പങ്കെടുക്കുന്നതിനുവേണ്ട സൗകര്യങ്ങളും സേനാംഗങ്ങൾക്ക് നിലവിൽ നൽകിവരുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ

* 11 [862] ശ്രീ. തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകൾക്ക് യു. ജി. സി.-യുടേയും നാഷണൽ അക്രഡിറ്റേഷൻ കമ്മിറ്റിയുടേയും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റേയും മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം സൗകര്യങ്ങൾ കൂടുതലായി വേണ്ടിവരും എന്ന് പരിശോധിച്ചിട്ടുണ്ടോ; അവ ഏതെല്ലാമെന്നറിയിക്കാമോ;

(സി) മെഡിക്കൽ കോളേജുകൾക്ക് പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഐ. എം. സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായ സൗകര്യങ്ങൾ പൂർണ്ണമായതോതിൽ ഇല്ല. യു. ജി. സി./എൻ. എ. സി. മാനദണ്ഡങ്ങൾ പക്ഷേ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly